**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 827** **29-08-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 ൽ അംബേദ്കർ ഗ്രാമ വികസനവുമായി ബന്ധപ്പെട്ട് ഏതൊക്കെ കോളനികൾക്ക് എത്ര തുക അനുവദിച്ചു എന്ന് വിശദമാക്കാമോ; | (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ കുമരനല്ലൂർ IHDP കോളനി, പൊന്നോർ IHDP കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ തുക ഏജൻസിയ്ക്ക് അനുവദിച്ചു നൽകിയിട്ടില്ല. |
| (ബി) | അംബേദ്കർ ഗ്രാമവികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ കോളനികളിലാണ് നാളിതുവരെ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളവയും ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മുൻ കാലങ്ങളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്ര എന്ന് വ്യക്തമാക്കാമോ; | (ഡി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | അവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 822** **29-08-2022 - ൽ മറുപടിയ്ക്ക്**

**ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ തകർന്ന മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ വിവിധ ആദിവാസി കോളനികളിലേക്ക് എത്തിച്ചേരുന്നതിന് ഇരുട്ടുകത്തിക്കടവിൽ ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂഡി ബിൽഡിംഗ് ഡിവിഷൻ മുഖേന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തേക്ക് പാലം നിർമ്മിക്കുന്നതിന് വേണ്ടി പുതുക്കിയ എസ്റ്റിമേറ്റ് പട്ടികവർഗ്ഗ വകുപ്പ് മുഖാന്തിരം സമർപ്പിച്ചോയെന്നും പ്രസ്തുത പാലം നിർമ്മിക്കുന്നതിന് കണക്കാക്കുന്ന മതിപ്പുതുക എത്രയെന്നും അറിയിക്കാമോ; അടിയന്തരമായി പാലം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (ബി) | സമർപ്പിച്ചിട്ടില്ല. |
| (സി) | ഇരുട്ടുകത്തിക്കടവിൽ പാലം നിർമ്മിക്കുന്നതിന് മറ്റേതെങ്കിലും വകുപ്പുകളോ ജനപ്രതിനിധികളോ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ തുക എത്രയെന്നും എസ്റ്റിമേറ്റുകളോ തുടർനടപടികളോ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ? | (സി) | ഇപ്രകാരം ഫണ്ട് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ